## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## പോലീസുകാരുടെ തപാൽ വോട്ട് ദുരുപയോഗം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 118. 28/5/2019-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ലോക് സഭ തിരഞ്ഞെടുപ്പിൽ പോലീസുകാരുടെ തപാൽ ബാലറ്റുകൾ കൈക്കലാക്കി പോലീസ് അസോസിയേഷൻ നേതാക്കൾ ദുരുപയോഗം ചെയ്തുവെന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കുമോ; | (എ) | ഇതുമായി ഉയർന്നു വന്ന ആക്ഷേപങ്ങളെല്ലാം അന്വേഷണത്തിലാണ്. |
| (ബി) | പോലീസുകാരുടെ തപാൽ വോട്ട് സംബന്ധിച്ച് പോലീസ് മേധാവി എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിരുന്നോ; വിശദാംശം നൽകുമോ; | (ബി) | തപാൽ വോട്ടുകൾ കൈകാര്യം ചെയ്യേണ്ടതിനെ സംബന്ധിച്ച് ഇലക്ഷൻ കമ്മീഷൻ Hand Book for returning Officer Para 11.12.3 (b) പ്രകാരം നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനും അവരുടെ പ്രവർത്തനത്തെ സംബന്ധിച്ചും ഉള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ നമ്പർ C2-8877/19/PHQ (A2) dated 09/04/2019-ലെ സി.ഒ.ബി സന്ദേശ പ്രകാരം പോലീസിലെ എല്ലാ യൂണിറ്റ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പോലീസ് മേധാവിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പോലീസ് അസോസിയേഷൻ നേതാക്കൾ ബാലറ്റുകൾ ശേഖരിച്ചതായുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഇന്റലിജൻസ് മേധാവി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) & (ഡി) | പോസ്റ്റൽ ബാലറ്റ് ക്രമക്കേട് സംബന്ധിച്ചുള്ള പൊതുവായ ആക്ഷേപത്തിനെ തുടർന്ന് ഇന്റലിജൻസ് മേധാവി പ്രാഥമിക അന്വേഷണവും തുടർന്ന് ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണവും നടത്തി വരുന്നു. ഒരു പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തു. |
| (ഡി) | ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ